സെന്റ് തോമസ് കോളജ് പാലാ ഓട്ടോണമസ്
അരുണാപുരം പി.ഒ., കോട്ടയം 686 574

July 2026
Vol. 2 Issue 4

പാലൈ
PALAI பாலை
ISSN No: 3049-0316

# ഭാഷാ പാഠപുസ്തകങ്ങളിലെ കാനോനീകരണവും പ്രതിനിധാനത്തിന്റെ സൂക്ഷ്മരാഷ്ട്രീയവും: 1900 മുതൽ 1920 വരെയുള്ള തിരുവിതാംകൂർ പാഠാവലികളെ മുൻനിർത്തിയുള്ള പഠനം

**ലിലിയ രാജൻ കെ.ആർ.***



**സംഗ്രഹം**

ഈ പ്രബന്ധം, ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ രണ്ട് ദശകങ്ങളിൽ (1900-1920) തിരുവിതാംകൂർ നാട്ടുരാജ്യത്തിലെ പ്രാഥമിക വിദ്യാഭ്യാസസമ്പ്രദായത്തിൽ ഉപയോഗിച്ചിരുന്ന ഭാഷാ പാഠപുസ്തകങ്ങളിലെ കാനോനീകരണം മുൻനിർത്തിയുള്ള അന്വേഷണമാണ്. തിരുവിതാംകൂർ ഭരണകൂടം ആധുനികവിദ്യാഭ്യാസത്തെ തങ്ങളുടെ ഉത്തരവാദിത്തമായി ഏറ്റെടുത്ത നിർണായക ചരിത്രസന്ധിയിലാണ് പഠനം ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. സാഹിതീയകാനോനുകളുടെ നിർമ്മാണം കേവലം സൗന്ദര്യശാസ്ത്രപരമായ തിരഞ്ഞെടുപ്പല്ലെന്നും അത് അധികാരത്തിന്റെ സൂക്ഷ്മമായ പ്രയോഗവും പ്രതിനിധാനത്തിന്റെ രാഷ്ട്രീയവും ഉൾച്ചേർന്ന പ്രക്രിയയാണെന്നുമുള്ള നിരീക്ഷണമാണ് പ്രബന്ധത്തിന്റെ അടിസ്ഥാനം. പിയറി ബോർദ്യൂ (Pierre Bourdieu), സ്റ്റുവർട്ട് ഹാൾ (Stuart Hall) എന്നിവരുടെ സൈദ്ധാന്തിക സങ്കല്പനങ്ങളെ ആശ്രയിച്ചുകൊണ്ട് പാഠപുസ്തകങ്ങൾ നിലവിലുള്ള സാമൂഹിക-സാമ്പത്തിക അസമത്വങ്ങളെയും ജാതി-ലിംഗാധിഷ്ഠിതമായ അധികാരഘടനകളെയും എങ്ങനെയാണ് പുനരുൽപാദിപ്പിച്ചതെന്ന് വിശകലനം ചെയ്യുന്നു. 1900-1920 കാലഘട്ടത്തിലെ മലയാള പാഠപുസ്തകങ്ങളുടെ ഉള്ളടക്കവിശകലനമാണ് ഈ പഠനത്തിന്റെ പ്രധാന ഊന്നൽ. ഒരുകൂട്ടം എഴുത്തുകാരുടെ രചനകൾ പാഠപുസ്തകങ്ങളിൽ കാനോനീകരിക്കപ്പെട്ടത് എങ്ങനെയാണെന്നും ഇതിനു പിന്നിൽ പ്രവർത്തിച്ച ഭരണകൂടത്തിന്റെയും പണ്ഡിതരുടെയും രാഷ്ട്രീയ-സാംസ്കാരിക താൽപ്പര്യങ്ങളെന്തായിരുന്നുവെന്നും പ്രബന്ധം അന്വേഷിക്കുന്നു. പാഠപുസ്തകങ്ങളുടെ ഉള്ളടക്കം ജാതിപരമായ ആധിപത്യത്തെയും സ്ത്രീകളുടെ അഭാവത്തെയും എങ്ങനെ നിലനിർത്തി എന്നതിനെക്കുറിച്ചുള്ള നിരീക്ഷണങ്ങളും പ്രബന്ധം മുന്നോട്ടുവെക്കുന്നു.

**താക്കോൽ വാക്കുകൾ:** പാഠപുസ്തകം, കാനോനീകരണം, പ്രതിനിധാനം, പ്രത്യയശാസ്ത്രം, സാംസ്കാരികമൂലധനം.

* ഗവേഷക, കേരളപഠനവിഭാഗം, കാര്യവട്ടം ക്യാമ്പസ്, കേരള സർവകലാശാല, തിരുവനന്തപുരം. Ph: 8943460385. Email: liliyashalvin2014@gmail.com

## ആമുഖം

സാഹിത്യകാനോൻ (Literary canon) എന്നത് ഒരു സംസ്കാരത്തിൽ അത്യന്താപേക്ഷിതമായി കണക്കാക്കുന്നതും വ്യാപകമായി അംഗീകരിക്കപ്പെട്ടതുമായ സാഹിത്യകൃതികളുടെ ശേഖരത്തെയാണ് സൂചിപ്പിക്കുന്നത്. ഈ കൃതികൾ പലപ്പോഴും സാഹിത്യപരമായ ഗുണമേന്മയുടെയും കലാപരമായ നേട്ടങ്ങളുടെയും മാനദണ്ഡമായി വർത്തിക്കുന്നു. മാനവചിന്തയ്ക്കും സാംസ്കാരികപൈതൃകത്തിനും ഗണ്യമായ സംഭാവനകൾ നൽകിയതായി കരുതപ്പെടുന്ന ഈ പാഠസഞ്ചയം പ്രശസ്തരായ എഴുത്തുകാരുടെ രചനകൾക്ക് മുൻഗണന നൽകുന്നു. എന്നിരുന്നാലും കാനോനീകരണപ്രക്രിയ നിശ്ചലമോ നിഷ്പക്ഷമോ അല്ല. സാമൂഹികമൂല്യങ്ങൾ, അധികാരബന്ധങ്ങൾ, നിലവിലുള്ള പ്രത്യയശാസ്ത്രങ്ങൾ എന്നിവയുടെ സ്വാധീനത്താൽ നിരന്തരമായ പുനർമൂല്യനിർണയത്തിനും പുനരവലോകനത്തിനും വിധേയമാണിത്. കാനോൻ എന്ന സങ്കൽപ്പത്തിന് ബൈബിൾ ഗ്രന്ഥങ്ങളുമായി ചരിത്രപരമായ ബന്ധമുണ്ട്. വിശുദ്ധഗ്രന്ഥങ്ങളുടെ തിരഞ്ഞെടുപ്പ് സാഹിത്യകാനോനുകളുടെ വികാസത്തെ സ്വാധീനിച്ചു (Barton,John,1997:13).

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ തിരുവിതാംകൂറിന്റെ സാമൂഹിക-സാംസ്കാരിക-രാഷ്ട്രീയമണ്ഡലങ്ങളിൽ നിർണായകമായ പരിവർത്തനങ്ങൾ സംഭവിച്ചു. പരമ്പരാഗത ജാതിവ്യവസ്ഥയുടെ കർക്കശമായ ശ്രേണീബന്ധങ്ങൾ, ബ്രിട്ടീഷ് കൊളോണിയൽ സ്വാധീനത്താൽ രൂപപ്പെട്ട ആധുനികഭരണസംവിധാനങ്ങൾ, പാശ്ചാത്യവിദ്യാഭ്യാസത്തിന്റെ വ്യാപനം, വിവിധ സാമൂഹികപരിഷ്കർത്താക്കളുടെ നേതൃത്വത്തിലുയർന്നുവന്ന പ്രക്ഷോഭങ്ങൾ എന്നിവ ഈ കാലഘട്ടത്തിലെ സാമൂഹികഭൂമികയെ സങ്കീർണ്ണമാക്കി. ഈ ബഹുമുഖമായ പരിവർത്തനങ്ങളുടെ കേന്ദ്രബിന്ദുവായി വിദ്യാഭ്യാസം നിലകൊണ്ടു. ഈ പശ്ചാത്തലത്തിൽ 1900-നും 1920-നും ഇടയിലുള്ള തിരുവിതാംകൂർപാഠാവലികളിലെ കാനോനീകരണപ്രക്രിയ സവിശേഷമായ സാമൂഹിക-സാംസ്കാരികയാഥാർത്ഥ്യത്തെ പ്രതിനിധാനം ചെയ്യുകയും നിർമ്മിച്ചെടുക്കുകയും ചെയ്തവിധത്തെയാണ് ഈ പഠനം അന്വേഷണവിധേയമാക്കുന്നത്

സാംസ്കാരികമൂലധനം (Cultural Capital), പ്രതിനിധാനം (Representation), എന്നീ സൈദ്ധാന്തികസമീപനങ്ങൾ മുൻനിർത്തിയാണ് പാഠപുസ്തകങ്ങളിലെ കാനോനീകരണപ്രക്രിയയെ വിശകലനം ചെയ്യുന്നത്. പിയറി ബോർദ്യൂവിന്റെ സാംസ്കാരികമൂലധനം, ഹാബിറ്റസ് (Habitus) എന്നീ ആശയങ്ങൾ ഒരു പ്രത്യേക സാഹിത്യരചന എങ്ങനെയാണ് വിദ്യാഭ്യാസകാനോന്റെ ഭാഗമായി മാറുന്നതെന്നും അതിനു പിന്നിലെ അധികാരകേന്ദ്രീകൃതമായ തിരഞ്ഞെടുപ്പുകളെന്താണെന്നും വിശദീകരിക്കാൻ സഹായിക്കുന്നു. സ്റ്റുവർട്ട് ഹാളിന്റെ പ്രതിനിധാനസിദ്ധാന്തം (theory of representation) പ്രതിനിധാനമെന്നത് യാഥാർത്ഥ്യത്തിന്റെ നിഷ്പക്ഷമായ പ്രതിഫലനമല്ല, അത് അധികാരവും പ്രത്യയശാസ്ത്രവും ചേർന്നു നിർമ്മിക്കുന്ന പ്രക്രിയയാണെന്നു സ്ഥാപിക്കുന്നു. പാഠപുസ്തകങ്ങളിലെ ഭാഷയും ചിത്രീകരണങ്ങളും എങ്ങനെ പ്രത്യേക സാമൂഹികയാഥാർത്ഥ്യത്തെയും മൂല്യവ്യവസ്ഥയെയും കെട്ടിപ്പടുക്കുന്നു എന്നും പഠനം അപഗ്രഥിക്കുന്നു.

## ഒന്ന്: സാംസ്കാരികമൂലധനം, പ്രതിനിധാനം: സൈദ്ധാന്തികാടിത്തറ

പാഠപുസ്തകങ്ങളെ അതിന്റെ ചരിത്രസന്ദർഭത്തിൽ വായിക്കുമ്പോൾ അക്കാദമികപ്രമാണമെന്നതിലുപരി അവ ഒരു കാലഘട്ടത്തിലെ സാംസ്കാരികവും രാഷ്ട്രീയവുമായ വ്യവഹാരങ്ങളുടെയും അധികാരഘടനകളുടെയും പ്രത്യയശാസ്ത്രപരമായ നിലപാടുകളുടെയും സൂക്ഷ്മമായ അടയാളങ്ങൾ പേറുന്നു. ഫ്യൂഡൽമൂല്യങ്ങൾ പതിയെ അഴിഞ്ഞുമാറുകയും നവോത്ഥാനപ്രസ്ഥാനങ്ങൾ പുതിയ ചിന്തകൾക്ക് ഊർജ്ജംപകരുകയും ചെയ്ത 1900-1920 കാലഘട്ടത്തിലെ ബൗദ്ധികഭൂമികയിൽ പാഠപുസ്തകങ്ങൾ നിഷ്പക്ഷമാധ്യമമായിരുന്നില്ല. നിലനിന്നിരുന്ന ആശയസംഹിതകളെ സാധൂകരിക്കുന്നതിനും പുതിയതിനെ സ്ഥാപിക്കുന്നതിനും വേണ്ടിയുള്ള രാഷ്ട്രീയമുന്നൊരുക്കങ്ങളായി അത് നിലകൊണ്ടു.

സാഹിത്യകാനോന്റെ രൂപീകരണം സങ്കീർണ്ണവും ബഹുമുഖവുമായ പ്രക്രിയയാണ്. കാനോനീകരണത്തിന്റെ കാതൽ സാഹിത്യപരമായ യോഗ്യതയാണെന്ന് പൊതുവെ കരുതുന്നുണ്ടെങ്കിലും ഈ പ്രക്രിയയിൽ അന്തർലീനമായിക്കുന്നത് അധികാരത്തിന്റെ രാഷ്ട്രീയമാണ്. വിദ്യാഭ്യാസസമ്പ്രദായത്തിനുള്ളിൽ ഒരു പ്രത്യേക പാഠത്തെ തിരഞ്ഞെടുക്കുകയും അതിന് അംഗീകാരം നൽകിക്കൊണ്ട് ആധികാരികമായ പദവിയിലേക്ക് ഉയർത്തുകയും ചെയ്യുന്ന സ്ഥാപനപരമായ പ്രക്രിയയാണിത്.

 ISSN No: 3049-0316 

പ്രതിനിധാനത്തെക്കുറിച്ചുള്ള സ്റ്റുവർട്ട് ഹാളിന്റെ സിദ്ധാന്തമനുസരിച്ച് പ്രതിനിധാനം യാഥാർത്ഥ്യത്തിന്റെ നിഷ്പക്ഷമായ പ്രതിഫലനമല്ല. അധികാരവും പ്രത്യയശാസ്ത്രവും ചേർന്നു നിർമ്മിക്കുന്ന പ്രക്രിയയാണ്. ഹാളിന്റെ വാക്കുകളിൽ "പ്രതിനിധാനമെന്നത് അറിവുൽപ്പാദനപ്രക്രിയയാണ്. ഇതിലൂടെ സമൂഹത്തിൽ ചില കാര്യങ്ങളെക്കുറിച്ച് എന്തു ചിന്തിക്കണം എങ്ങനെ ചിന്തിക്കണം എന്ന് നിർണയിക്കപ്പെടുന്നു" (Hall, Stuart, 1997:75). ഈ ആശയം പാഠപുസ്തകങ്ങളിലെ ഭാഷയും ചിത്രീകരണങ്ങളും എങ്ങനെ പ്രത്യേക സാമൂഹികയാഥാർത്ഥ്യത്തെയും മൂല്യവ്യവസ്ഥയെയും കെട്ടിപ്പടുക്കുന്നുവെന്ന് വിശദീകരിക്കാൻ സഹായിക്കുന്നു.

പിയറി ബോർദ്യൂവിന്റെ സിദ്ധാന്തങ്ങൾ കാനോനീകരണത്തെ കൂടുതൽ ആഴത്തിൽ വിശകലനംചെയ്യാൻ സഹായകമാണ്. അദ്ദേഹത്തിന്റെ സാംസ്കാരികമൂലധനം എന്ന ആശയം സമൂഹത്തിൽ അംഗീകാരമുള്ള സാംസ്കാരികജ്ഞാനവും കഴിവുകളും എങ്ങനെ വിദ്യാഭ്യാസത്തിലൂടെ കൈമാറ്റം ചെയ്യപ്പെടുന്നുവെന്ന് വിശദീകരിക്കുന്നു. ബോർദ്യൂവിന്റെ അഭിപ്രായത്തിൽ "വിദ്യാഭ്യാസസമ്പ്രദായം അറിവു പകരുക മാത്രമല്ല, പ്രത്യേക സാമൂഹികക്രമത്തെയും അതിലെ അധികാരഘടനയെയും നിലനിർത്താൻ സഹായിക്കുന്ന സാംസ്കാരികമൂലധനം പുനരുൽപാദിപ്പിക്കുകയും ചെയ്യുന്നു" (Bourdieu & Passeron, 1977:77). ഈ കാഴ്ചപ്പാടിൽ സാഹിത്യകാനോനുകൾ രൂപപ്പെടുന്നത് സാഹിത്യരംഗത്തെ അധികാരം കൈയാളുന്നവരുടെ രാഷ്ട്രീയമായ തിരഞ്ഞെടുപ്പുകളിലൂടെയാണ്. ഒരു പാഠം കാനോനീകരിക്കപ്പെടുമ്പോൾ അത് വിശുദ്ധപാഠം എന്ന പദവിയിലേക്ക് ഉയർത്തപ്പെടുകയും അതുവഴി അത് പ്രതിനിധാനം ചെയ്യുന്ന ആശയങ്ങൾക്ക് ഔദ്യോഗികാംഗീകാരം ലഭിക്കുകയും ചെയ്യുന്നു.

ബോർദ്യൂവിന്റെ ഹാബിറ്റസ് (habitus) എന്ന ആശയം സാംസ്കാരികമൂലധനം വ്യക്തിയുടെ സ്വഭാവത്തിൽ ആഴത്തിൽ വേരൂന്നുന്നതിനെയാണ് വിശദീകരിക്കുന്നത്. "പ്രത്യേക സാംസ്കാരികമൂലധനം കൈവശമുള്ള കുട്ടികൾക്ക് വിദ്യാഭ്യാസസ്ഥാപനങ്ങളിൽ മെച്ചപ്പെട്ട പ്രകടനം കാഴ്ചവെക്കാൻ സാധിക്കുന്നു. സ്കൂളുകൾ ഈ സാംസ്കാരികമൂലധനത്തെ സാധൂകരിക്കുന്നതിലൂടെ നിലവിലുള്ള സാമൂഹിക-സാമ്പത്തിക അസമത്വങ്ങളെ പുനരുൽപാദിപ്പിക്കുന്നു» (1977:161). ഈ വീക്ഷണത്തിൽ പാഠപുസ്തകങ്ങളും പ്രത്യേക സാംസ്കാരികമൂലധനത്തെയാണ് ഉയർത്തിപ്പിടിക്കുന്നത്. സവർണ്ണജാതിയിൽ നിന്നുള്ള എഴുത്തുകാരുടെ രചനകൾക്ക് മുൻഗണന നൽകുന്നത് പ്രത്യേക വർഗ്ഗ-ജാതിവിഭാഗത്തിനനുകൂലമായ സാംസ്കാരികമൂലധനത്തെ നിർമ്മിച്ചു. ഇത് അവർണ്ണവിഭാഗങ്ങളിൽനിന്നുള്ള വിദ്യാർത്ഥികൾക്ക് അപരിചിതമായിരുന്നതിനാൽ വിദ്യാഭ്യാസരംഗത്ത് അവർക്ക് പിന്നോട്ട് പോകേണ്ടിവന്നു. അങ്ങനെ പാഠപുസ്തകങ്ങൾ നിലവിലുള്ള വർഗ്ഗ-ജാതി അസമത്വങ്ങളെ പുനരുൽപാദിപ്പിക്കാനുള്ള ഉപകരണം കൂടിയായി മാറി.

പാഠപുസ്തകങ്ങൾ ബോർദ്യൂവിന്റെ വസ്തുവൽക്കരിക്കപ്പെട്ട സാംസ്കാരികമൂലധനത്തിന്റെ (objectified cultural capital) മൂർത്തമായ രൂപങ്ങളാണ്. പാഠപുസ്തകങ്ങളിലെ ഉള്ളടക്കവും അതിന്റെ ചിത്രീകരണവും വിദ്യാർത്ഥികളുടെ ഹാബിറ്റസിനെ സജീവമായി രൂപപ്പെടുത്തുന്നു. ഈ സംയോജിത സൈദ്ധാന്തികസമീപനം പാഠപുസ്തക ഉള്ളടക്കത്തിന്റെ കേവലമായ വിവരണത്തിനപ്പുറം പ്രത്യേക ആഖ്യാനങ്ങൾ എന്തുകൊണ്ട്, എങ്ങനെ പ്രോത്സാഹിപ്പിക്കപ്പെട്ടു എന്നും ഇത് തിരുവിതാംകൂറിലെ വിവിധ ജാതി-ലിംഗവിഭാഗങ്ങളുടെ സാമൂഹികബോധത്തിലും വ്യക്തിത്വരൂപീകരണത്തിലും എത്രമാത്രം സ്വാധീനംചെലുത്തി എന്നും ആഴത്തിൽ വിശകലനം ചെയ്യാൻ സഹായിക്കുന്നു.

**രണ്ട്: തിരുവിതാംകൂറിലെ സാമൂഹിക-സാംസ്കാരിക-രാഷ്ട്രീയ പശ്ചാത്തലം**

ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ തിരുവിതാംകൂറിൽ സങ്കീർണ്ണമായൊരു സാമൂഹിക-സാംസ്കാരിക-രാഷ്ട്രീയ പശ്ചാത്തലമാണ് നിലനിന്നിരുന്നത്. പരമ്പരാഗതജാതിവ്യവസ്ഥയുടെ കർക്കശമായ ശ്രേണീബന്ധങ്ങളും, പാശ്ചാത്യവിദ്യാഭ്യാസവും ഭരണപരിഷ്കാരങ്ങളും സൃഷ്ടിച്ച ആധുനികതയുടെ ആഘാതങ്ങളും ഇവിടെ സമാന്തരമായി നിലനിന്നു. പത്തൊൻപതാം നൂറ്റാണ്ടിൽ കേരളത്തിൽ നിലനിന്നിരുന്ന ജാതിസമ്പ്രദായം ഒരു വർഗ്ഗസമ്പ്രദായത്തോട് സാമ്യമുള്ളതായിരുന്നു. ബ്രാഹ്മണരും നായന്മാരും, ഭൂവുടമകളും ഉന്നത ഉദ്യോഗസ്ഥരുമായിരുന്നപ്പോൾ, ഈഴവർ, പുലയർ, പറയർ തുടങ്ങിയവർ തൊഴിലാളിവർഗ്ഗങ്ങളായി കണക്കാക്കപ്പെട്ടു. ഇവിടെ തൊഴിലാളിവർഗ്ഗം എന്നതുകൊണ്ടർത്ഥമാക്കുന്നത് രാഷ്ട്രീയ ആശയത്തെയല്ല. തിരുവിതാംകൂറിലെ സവിശേഷമായ ജാതി-വർഗ്ഗബന്ധങ്ങളെയാണ്. ഉല്പാദനോപാധികളായ ഭൂമിയിൽ ഉടമസ്ഥാവകാശമില്ലാത്തതും എന്നാൽ ഉല്പാദനപ്രക്രിയയിൽ നേരിട്ടേർപ്പെടുന്നതുമായ വിഭാഗങ്ങളെയാണ് ഇവിടെ തൊഴിലാളിവർഗ്ഗം എന്നു വിവക്ഷിക്കുന്നത്. കഠിനമായ മത്സ്യബന്ധനത്തിലും നാണ്യവിള ഉല്പാദന

ISSN No: 3049-0316


ത്തിലും ഏർപ്പെട്ടിരുന്ന പുലയ, പറയ, ഈഴവവിഭാഗങ്ങൾ സാമൂഹികമായി തഴയപ്പെട്ടവരായിരുന്നുവെങ്കിലും സാമ്പത്തികാടിത്തറയുടെ നട്ടെല്ലായിരുന്നു. അതായത്, സാമൂഹികമായ അയിത്തവും വിവേചനവും ഈ വിഭാഗങ്ങളെ സാമ്പത്തികമുന്നേറ്റത്തിൽ നിന്നും തടയുകയും കുറഞ്ഞ വേതനത്തിന് ശാരീരികാധ്വാനം വിൽക്കാൻ നിർബന്ധിതരാക്കുകയും ചെയ്തു. പാശ്ചാത്യവിദ്യാഭ്യാസവും മിഷണറി ഇടപെടലുകളും സൃഷ്ടിച്ച ആധുനികതയുടെ പ്രഭാവം ഒരു വശത്ത് നിലനിൽക്കുമ്പോഴും ഈ തൊഴിലാളിവിഭാഗങ്ങൾക്ക് പൊതുവിടങ്ങളിലേക്കും വിദ്യാലയങ്ങളിലേക്കും പ്രവേശനം നിഷേധിക്കപ്പെട്ടത് അവരുടെ വർഗ്ഗപരമായ പിന്നാക്കാവസ്ഥയെ ദൃഢപ്പെടുത്തി.

ഈ പശ്ചാത്തലത്തിൽ 1817-ൽ റാണി ഗൗരി പാർവതി ബായിയുടെ രാജകീയവിളംബരം തിരുവിതാംകൂർ നാട്ടുരാജ്യത്തിന്റെ വിദ്യാഭ്യാസചരിത്രത്തിലെ നിർണായകവഴിത്തിരിവായി. സംസ്ഥാനത്തിന്റെ ഭരണപരമായ ഉത്തരവാദിത്തമായി വിദ്യാഭ്യാസത്തെ ഔദ്യോഗികമായി അംഗീകരിച്ച ഈ വിളംബരം ആധുനിക വിദ്യാഭ്യാസസമ്പ്രദായത്തിന് തുടക്കമിട്ടു. ഈ നയം അഞ്ചുമുതൽ പത്തുവയസ്സുവരെയുള്ള കുട്ടികൾക്കായി ഗ്രാമങ്ങളിൽ പ്രാഥമികവിദ്യാലയങ്ങൾ ആരംഭിക്കുന്നതിന് വഴിതെളിച്ചു (ഭാസ്കരനുണ്ണി,പി.2012:1061). തുടർന്ന് 1834-ൽ സ്വാതിതിരുനാൾ രാജാവ് തിരുവനന്തപുരത്ത് ഇംഗ്ലീഷ്സ്കൂൾ ആരംഭിച്ചു. അതാണ് പിന്നീട് യൂണിവേഴ്സിറ്റി കോളേജായി പരിണമിച്ചത്. വിദ്യാഭ്യാസസമ്പ്രദായം വികസിച്ചുവന്ന ഈ ഘട്ടത്തിൽ പാഠ്യപദ്ധതിയെ ഏകീകരിക്കുന്നതിനും പാഠപുസ്തകങ്ങൾക്ക് ഔദ്യോഗികാംഗീകാരം നൽകുന്നതിനും ഭരണകൂടം ശ്രമിച്ചു. ഇതിന്റെ ഭാഗമായി ആയില്യം തിരുനാൾ രാമവർമ്മ ദിവാൻ മാധവരായരുടെ നേതൃത്വത്തിൽ 1867-ൽ ഒരു പാഠപുസ്തകകമ്മിറ്റി രൂപീകരിച്ചു. അണ്ണാജിരായർ അധ്യക്ഷനും സുബ്ബാദീക്ഷിതർ, രാമൻ തമ്പി, കേരളവർമ്മ വലിയകോയിത്തമ്പുരാൻ, എന്നിവർ അംഗങ്ങളുമായ കമ്മിറ്റി ഇംഗ്ലീഷിൽനിന്ന് പുസ്തകങ്ങൾ വിവർത്തനം ചെയ്തും പുതുതായി ഗ്രന്ഥങ്ങൾ രചിച്ചും പാഠപുസ്തകങ്ങൾ തയ്യാറാക്കി. 1868 -ൽ കേരളവർമ്മ വലിയകോയിത്തമ്പുരാൻ കമ്മിറ്റിയുടെ അദ്ധ്യക്ഷനായി ചുമതലയേറ്റു. മലയാള ഭാഷാപഠനത്തിന് ഏകീകൃതഘടന നൽകാനും ഏതുതരം സാഹിത്യരൂപങ്ങൾ പാഠ്യപദ്ധതിയുടെ ഭാഗമാകണമെന്നതിന് കൃത്യമായ മാനദണ്ഡം സ്ഥാപിക്കാനും സഹായകരമാംവിധമായിരുന്നു കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ.

മിഷനറിമാരും വിദ്യാഭ്യാസവ്യാപനത്തിൽ നിർണായക പങ്കുവഹിച്ചു.[1] ലണ്ടൻ മിഷൻ സൊസൈറ്റി (LMS), ചർച്ച് മിഷൻ സൊസൈറ്റി (CMS) തുടങ്ങിയ പ്രൊട്ടസ്റ്റന്റ് ക്രിസ്ത്യൻ മിഷനറിമാർ നിരവധി സ്കൂളുകൾ സ്ഥാപിച്ചു. പരമ്പരാഗത വിദ്യാഭ്യാസസമ്പ്രദായങ്ങളിൽ പ്രവേശനം നിഷേധിക്കപ്പെട്ടിരുന്ന വിഭാഗങ്ങൾക്ക് മിഷനറിസ്കൂളുകൾ വിദ്യാഭ്യാസത്തിനുള്ള ഏകമാർഗ്ഗമായിരുന്നു. ഈ സ്കൂളുകൾ പ്രാദേശികഭാഷയിൽ വായന, എഴുത്ത്, മതപഠനം, തൊഴിൽപരിശീലനം എന്നിവ ഉൾപ്പെടുന്ന അടിസ്ഥാനവിദ്യാഭ്യാസം നൽകി. പെൺകുട്ടികളെ നൂൽനൂൽപ്പ്, തുന്നൽ, എംബ്രോയിഡറി തുടങ്ങിയ പ്രായോഗിക കഴിവുകൾ പരിശീലിപ്പിച്ചു.

സംസ്ഥാനഭരണകൂടത്തിന്റെ വിദ്യാഭ്യാസനയങ്ങൾ കാലക്രമേണ കൂടുതൽ കേന്ദ്രീകൃതസ്വഭാവം കൈവരിച്ചു. 1894-ൽ അവതരിപ്പിച്ച പുതിയ ട്രാവൻകൂർ എഡ്യൂക്കേഷൻ റൂൾസ് വിദ്യാഭ്യാസസമ്പ്രദായത്തെ ഏകീകൃതമായ അധികാരത്തിനു കീഴിൽ കൊണ്ടുവന്നു. ഇത് പാഠ്യപദ്ധതിയെയും പാഠപുസ്തകങ്ങളെയും ഏകീകരിക്കുന്നതിന് സഹായകമായി (ശ്രീകല പി, എസ്. 2009:39). മഹാരാജാ മൂലം തിരുനാൾ രാമവർമ്മയുടെ (1885-1924) ഭരണത്തിൻകീഴിൽ നടന്ന ഈ മുന്നേറ്റങ്ങൾ പിന്നാക്കവിഭാഗക്കാർക്ക് സൗജന്യ പ്രാഥമികവിദ്യാഭ്യാസം നൽകുന്നതുൾപ്പെടെയുള്ള പ്രധാനമാറ്റങ്ങൾക്കു കാരണമായി.

വിദ്യാഭ്യാസമേഖലയിലെ ഭരണകൂടത്തിന്റെ ഇടപെടലുകൾ ഭരണപരമായ ക്രമീകരണങ്ങളെന്നതിലുപരി പൗരത്വത്തെയും സാമൂഹികവ്യവഹാരങ്ങളെയും പ്രത്യേകരീതിയിൽ വാർത്തെടുക്കാനുള്ള തന്ത്രമായി വിലയിരുത്താവുന്നതാണ്. പാഠ്യപദ്ധതിയുടെയും പാഠപുസ്തകങ്ങളുടെയും വ്യവസ്ഥാപിതമായ വികാസത്തിലും നടപ്പാക്കലിലും സർക്കാർ നേരിട്ടു പങ്കാളിയായി. ഈ കേന്ദ്രീകൃതസംവിധാനം പാഠപുസ്തകങ്ങളെ ഔപചാരികമായി അംഗീകരിക്കുന്നതിനും വിദ്യാഭ്യാസകാനോൻ സ്ഥാപിക്കുന്നതിനും കൂടുതൽ ഫലപ്രദമായ മാർഗം തെളിച്ചു. ഇത്തരത്തിൽ പാഠപുസ്തകങ്ങളിലെ പ്രതിനിധാനത്തിന്റെ രാഷ്ട്രീയം ഭരണവർഗ്ഗത്തിന്റെ താൽപ്പര്യങ്ങൾക്കും ആധുനിക തിരുവിതാംകൂറിനെക്കുറിച്ചുള്ള കൊളോണിയൽഭരണകൂടത്തിന്റെ കാഴ്ചപ്പാടിനുമനുസൃതമായി വികസിച്ചു. കാലക്രമേണ മിഷനറിസ്കൂളുകൾ സംസ്ഥാനത്തിന്റെ നിയന്ത്രണത്തിലുള്ള സംവിധാനങ്ങളിലേക്ക് സംയോജിപ്പിക്കപ്പെട്ടപ്പോൾ തദ്ദേശീയപഠനം, പാശ്ചാത്യവിദ്യാഭ്യാസരീതികൾ, ക്രിസ്ത്യൻധാർമ്മികചട്ടക്കൂടുകൾ എന്നിവയുടെ സങ്കലനമായി വിദ്യാഭ്യാസകാനോൻ രൂപപ്പെട്ടു.

 ISSN No: 3049-0316 

## മൂന്ന് : തിരുവിതാംകൂർ പാഠപുസ്തകങ്ങളിലെ കാനോനീകരണം

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ രണ്ടു ദശാബ്ദങ്ങളിൽ തിരുവിതാംകൂറിലെ പ്രാഥമിക വിദ്യാഭ്യാസസമ്പ്രദായത്തിൽ ഉപയോഗിച്ചിരുന്ന മലയാളപാഠപുസ്തകങ്ങളുടെ ഉള്ളടക്കത്തെയും അവയുടെ കർത്തൃത്വത്തെയുമാണ് ഇവിടെ അപഗ്രഥിക്കുന്നത്. തിരുവിതാംകൂറിലെ പ്രാഥമികതലങ്ങളിൽ മലയാള ഭാഷാസാഹിത്യപഠനത്തിനായി ഉപയോഗിച്ചുവന്ന പത്തു പാഠപുസ്തകങ്ങളാണ് പഠനത്തിന്റെ പ്രധാന സ്രോതസ്സുകൾ. അവ യഥാക്രമം പ്രിയവിലാപം (1904), ആഗസ്തേരം (1911), പദ്യപാഠാവലി (1910), പദ്യമഞ്ജരി (1915), പദ്യമാലിക (1916), ബാലരാമായണം (1916), കുചേലപഞ്ചപാഠം (1917), മലയാള നാലാം പാഠപുസ്തകം (1918) മലയാള അഞ്ചാം പാഠപുസ്തകം (1918), ബാലാമൃതം (1918) എന്നിവയാണ്.[2]

എം. രാജരാജവർമ്മയുടെ പ്രിയവിലാപം (1904) പോലുള്ള കൃതികൾ പാഠപുസ്തകമായി ഉപയോഗിച്ചത് കാനോനീകരണത്തിന്റെ പ്രധാനസൂചനയാണ്. ടെന്നിസന്റെ 'ഇൻ മെമ്മോറിയം' എന്ന കൃതിയുടെ പ്രേരണയാൽ രചിച്ച ഈ കാവ്യം പാശ്ചാത്യകാൽപ്പനികതയുടെ സ്വാധീനത്തെയും വ്യക്തിപരമായ ദുഃഖത്തെ സാഹിതീയമായി അവതരിപ്പിക്കുന്ന പുതിയ ശൈലിയെയും പാഠ്യപദ്ധതിയിലേക്ക് കൊണ്ടുവന്നു. "അതിരമണീയകങ്ങളായ പല കൽപ്പനകളും കൂടിച്ചേർന്നാലേ ഒരു കാവ്യരത്നം ആകാൻ വഴിയുള്ളൂ" എന്ന ആമുഖത്തിലെ പ്രസ്താവന സാഹിത്യപരമായ മികവിനെക്കുറിച്ചുള്ള പുതിയ നിർവചനത്തെയാണ് മുന്നോട്ടുവെച്ചത്.

സി.പി. പരമേശ്വരൻ പിള്ളയുടെ ആഗസ്തേരം (1911) എന്ന പാഠഭാഗം (വില്യം വേർഡ്സ് വർത്തിന്റെ 'മൈക്കേൽ' എന്ന കാവ്യത്തിന്റെ വിവർത്തനം) ഈ വ്യതിയാനത്തെ സാധൂകരിക്കുന്നു. 'വേണാട്ടിനീശനാകും തിരുവടിയുടെ തൃക്കാൽക്കൽ' ഗ്രന്ഥം സമർപ്പിച്ചതും കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ ഈ ഗ്രന്ഥത്തെക്കുറിച്ചുള്ള പ്രസ്താവനയും വിവർത്തനസാഹിത്യത്തിനു ലഭിച്ച ഔദ്യോഗികാംഗീകാരത്തെയാണ് സൂചിപ്പിക്കുന്നത്. വേർഡ്സ് വർത്തിന്റെ കാവ്യവിചാരങ്ങളെ സുദീർഘമായി വിവരിക്കുന്ന ആമുഖോപന്യാസം ആശയങ്ങളുടെ നിർമ്മലത്വം, വിഷയത്തിനനുരൂപമായ ഭാഷാപ്രയോഗം, പ്രതിപാദ്യവിഷയങ്ങളുടെ ഗാഢത, സന്ദർഭശുദ്ധി എന്നിവയെല്ലാം കവിതാഗുണങ്ങളായി ഉയർത്തിക്കാട്ടിക്കൊണ്ട് പുതിയ സാഹിതീയമാനദണ്ഡം സ്ഥാപിക്കുകയാണ് ചെയ്യുന്നത്.

മലയാള അഞ്ചാം പാഠപുസ്തകത്തിലെ (1918) 'മുഹമ്മദ് നബി', 'ക്രിസ്തുവും തോമാശ്ലീഹായും' എന്നീ പാഠഭാഗങ്ങൾ മതനിരപേക്ഷതാസാഹിത്യത്തിന്റെ മികച്ച ഉദാഹരണങ്ങളാണ്. അന്യമതക്കാരെ ദ്വേഷിക്കുകയോ ദൂഷിക്കുകയോ ചെയ്യുന്നത് അപരാധമാണെന്നും ഹിന്ദുമതവും ക്രൂതമതവും ഇസ്‌ലാംമതവും ഒരുപോലെ ബഹുമാനമർഹിക്കുന്നുവെന്നും സ്ഥാപിക്കുന്ന ഈ ലേഖനം (1918:125). ഭരണകൂടത്തിന്റെ മതനിരപേക്ഷവും ജനങ്ങൾക്ക് ഉപകാരപ്രദവുമായ വിദ്യാഭ്യാസം നൽകാനുള്ള ശ്രദ്ധയെയാണ് ഈ പാഠഭാഗം സൂചിപ്പിക്കുന്നതെങ്കിലും പാഠപുസ്തകത്തിന്റെ മുഴുവൻ ഘടന പരിശോധിക്കുമ്പോൾ ഉള്ളടക്കം ഭാരതീയ ഹൈന്ദവപാരമ്പര്യങ്ങൾക്കു നൽകിയിട്ടുള്ള അമിതപ്രാധാന്യം ജ്ഞാനനിർമ്മിതിയുടെ സ്വഭാവത്തെക്കുറിച്ച് കൂടുതൽ ചോദ്യങ്ങളുയർത്തുന്നു. 1918-ലെ നാലാം പാഠപുസ്തകത്തിലും അഞ്ചാം പാഠപുസ്തകത്തിലും മാത്രമായി 25 പാഠഭാഗങ്ങൾ ഹിന്ദുമതഗ്രന്ഥങ്ങളുമായി ബന്ധപ്പെട്ടവയായിരുന്നു. ഇത് പാഠ്യപദ്ധതി നിർമ്മാതാക്കൾ പ്രത്യേക മതബോധത്തെയും സാംസ്കാരികമൂല്യങ്ങളെയും വിദ്യാഭ്യാസത്തിലൂടെ സ്ഥാപിച്ചെടുക്കാൻ ശ്രമിച്ചു എന്നതിനു തെളിവാണ്. ഈ പ്രക്രിയ വിദ്യാർത്ഥികളിൽ ഏകമാനമായ സാംസ്കാരികബോധം വളർത്താനും അതേസമയം മതേതരസ്വഭാവമുള്ളതോ മറ്റു മതങ്ങളുമായി ബന്ധപ്പെട്ടതോ ആയ ഉള്ളടക്കങ്ങളെ തമസ്കരിക്കാനും കാരണമായി. പാഠപുസ്തകങ്ങളിലൂടെ അധികാരബന്ധങ്ങളെയും സാമൂഹികവ്യവസ്ഥിതിയെയും പുനരുൽപാദിപ്പിക്കുന്നതിനുള്ള ബോധപൂർവ്വമായ ശ്രമങ്ങൾ നടന്നു എന്നതിന്റെ തെളിവാണിത്.

കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ നിതാന്തമായ ജാഗ്രതകൊണ്ട് ഗദ്യത്തെ സാഹിത്യപദവിയിലേക്ക് ഉയർത്താൻ അദ്ദേഹത്തിനു സാധിച്ചിട്ടുണ്ട്. അതിന് ഉത്തമോദാഹരണങ്ങളാണ് തിരുവിതാംകൂർ പാഠാവലികളിലെ ഗദ്യപാഠങ്ങളെല്ലാംതന്നെ. 1918 - ലെ മലയാള നാലാം പാഠപുസ്തകത്തിലെ 'ഗദ്യമെഴുത്ത്' എന്ന ലേഖനത്തിലെ ഒരു ഭാഗം നോക്കുക: "നല്ലവണ്ണം എഴുതുന്നതിന് നാം അറിഞ്ഞോ അറിയാതെയോ ചില തത്വങ്ങളെ അനുസരിച്ച് നടക്കേണ്ടതുണ്ട്. നമ്മുടെ അന്തർഗതങ്ങളെ വാക്കുകൊണ്ട് അന്യന്മാരെ ഗ്രഹിപ്പിക്കുന്നതിനുള്ള സമ്പ്രദായത്തിനാണ് കാവ്യരചന എന്നു പറയുന്നത്. അന്തർഗത നിവേദനം പലവിധത്തിൽ ഉണ്ട്. നല്ല ചിത്രങ്ങൾ, കൊത്തുവേലകൾ, പാട്ടുകൾ, ആംഗ്യങ്ങൾ. എന്നാൽ ഇവയെക്കാൾ ഒക്കെ പ്രധാനം വാക്കുലമായ അന്തർഗതമാണ്" (1918: 42). ഈ പ്രസ്താവന ആശയവിനിമയത്തിനുള്ള

മാധ്യമമെന്നനിലയിൽ ഗദ്യത്തിന്റെ പ്രാധാന്യം ഊന്നിപ്പറയുന്നു. മലയാളഭാഷയിലെ ഗദ്യരചനയെ പ്രോത്സാഹിപ്പിക്കുന്നതിനും അതിന് ശക്തമായ അടിത്തറ നൽകുന്നതിനും പാഠപുസ്തകങ്ങളിലൂടെ ബോധപൂർവ്വമായ ഇടപെടലുകൾ നടന്നിട്ടുണ്ട്.

ഭാഷാപാഠാവലികൾ പരിശോധിക്കുമ്പോൾ കവിത്രയങ്ങൾക്ക് പ്രത്യേക പരിഗണന നൽകുന്നതായി കാണാം. 1918 – ലെ മലയാള നാലാം പാഠപുസ്തകത്തിൽ കുഞ്ചൻ നമ്പ്യാർ എന്ന ശീർഷകത്തിൽ ഒരു പാഠഭാഗം നൽകിയിരിക്കുന്നു. കുഞ്ചൻനമ്പ്യാരെ ആസ്പദമാക്കിയുള്ള പാഠഭാഗാരംഭം എഴുത്തച്ഛനെ പ്രകീർത്തിച്ചുകൊണ്ടാണ് എന്നത് കാനോനീകരണത്തിന്റെ ഭാഗമാണ്. നോക്കുക: “മലയാളഭാഷയെ തമിഴിന്റെ ദാസ്യത്തിൽ നിന്നു മോചിപ്പിച്ച് അതിനെ ആര്യഭാഷയായ സംസ്കൃതവുമായി അടുപ്പിച്ച് അക്കാലത്തെ സ്ഥിതിക്ക് സാമാന്യം നല്ലതായ ഒരു സാഹിത്യത്തെ സമ്പാദിച്ചുകൊടുത്ത് മിക്കവാറും സ്വതന്ത്രനിലയിലാക്കിത്തീർത്ത പുണ്യശ്ലോകനായ തുഞ്ചത്തു രാമാനുജൻ എഴുത്തച്ഛൻ കഴിഞ്ഞാൽ ഒരു മഹാകവി കലക്കത്ത് കുഞ്ചൻ നമ്പ്യാരാകുന്നു” (1918: 30). ഇത് എഴുത്തച്ഛനെ ഭാഷാപിതാവായി കാനോനീകരിക്കുന്ന പ്രക്രിയയുടെ ഭാഗമാണ്. “പുരുഷകേന്ദ്രിതമായ ലോകബോധത്താൽ നിർണയിക്കപ്പെട്ട സാഹിതീയതയുടെ വ്യക്തിപ്രതിനിധാനമാണ് എഴുത്തച്ഛൻ. അതുപോലെ മതകേന്ദ്രിതമായ ആഖ്യാനപരിസരത്തിൽ ഊന്നിനിന്നുകൊണ്ട് കൃതികൾ രചിച്ചതിനാലാണ് എഴുത്തച്ഛന് പുരുഷസാഹിത്യചരിത്രകാരന്മാർ ഭാഷാപിതാവ് എന്ന പട്ടം ചാർത്തി നൽകിയത്. എഴുത്തച്ഛൻ എന്നതിന് പകരം എഴുത്തമ്മ എന്നൊരു സങ്കൽപ്പനം ഉണ്ടാകാത്തതിന് കാരണം സാഹിതീയതയെ നിർണയിച്ചത് സവർണ്ണപുരുഷന്റെ സൗന്ദര്യബോധങ്ങളാണ് എന്നതിന്റെ തെളിവാണ്” (ഗീത,പി. 1999: 36). എന്ന നിരീക്ഷണം ഈ വിഷയത്തെ കൂടുതൽ ഗൗരവമായി സമീപിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു.

അക്കാലത്ത് കുമാരനാശാനെപ്പോലെയുള്ള ഈഴവസമുദായത്തിൽ നിന്നുള്ള കവിക്ക് പാഠ്യപദ്ധതിയിൽ ലഭിച്ച അംഗീകാരം ജാതിബന്ധിതമായ അധികാരഘടനയിൽ സംഭവിച്ച വിള്ളൽ കൂടിയായിരുന്നു. ഇത് നവോത്ഥാനപ്രസ്ഥാനങ്ങളുടെ സ്വാധീനത്തെയും സാഹിത്യപരമായ മികവിനെ അംഗീകരിക്കാൻ നിലവിലുള്ള വ്യവസ്ഥ നിർബന്ധിതമായതിന്റേയും സൂചനയായി വിലയിരുത്താം.

തിരുവിതാംകൂർ പാഠപുസ്തകങ്ങൾ ഒരു പ്രത്യേക സാമൂഹികവിഭാഗത്തെ അതായത് മധ്യവർഗ്ഗത്തെ ലക്ഷ്യംവെച്ചുള്ള ആശയപരമായ ഉപകരണങ്ങളായിരുന്നു. മധ്യവർഗ്ഗസമൂഹത്തെ അഭിസംബോധന ചെയ്തുകൊണ്ട് പ്രത്യേക ജീവിതവീക്ഷണത്തെ സാധൂകരിക്കാൻ ശ്രമിച്ചിരുന്ന ഈ പാഠഭാഗങ്ങളിൽ സ്ഥിരമായി ആവർത്തിക്കപ്പെടുന്ന പ്രമേയം സ്ഥിരപരിശ്രമം, വിശ്വസ്തത, ബുദ്ധിസാമർത്ഥ്യം എന്നിവ കൈമുതലാക്കിയ സാധാരണക്കാർ എങ്ങനെ മേലാളന്റെ സ്ഥാനത്തേക്ക് ഉയർന്നുവരുന്നു എന്നതാണ്. ഇവിടെ ജീവിതവിജയമെന്നത് സാമ്പത്തികനേട്ടത്തെയും അതിലൂടെ സവർണ്ണാധികാരഘടനയിലേക്ക് പ്രവേശിക്കുന്നതിനെയും സൂചിപ്പിക്കുന്നു. ഈ പാഠഭാഗങ്ങൾ യഥാർത്ഥത്തിൽ പുതിയൊരു ഉദ്യോഗസ്ഥമധ്യവർഗ്ഗത്തെ വാർത്തെടുക്കുന്നതിനുള്ള പ്രത്യയശാസ്ത്രപരമായ ഉപാധികളായി പ്രവർത്തിച്ചു. എ.ജി. ശ്രീകുമാറിന്റെ നിരീക്ഷണം ഇത് വ്യക്തമാക്കുന്നു: “രാഷ്ട്രത്തിന്റെ താൽപര്യത്തെ തൃപ്തിപ്പെടുത്തുന്ന വിധത്തിൽ പണിയെടുക്കാൻ കഴിയുന്ന സ്ഥിരപരിശ്രമവും വിശ്വസ്തതയും കൈമുതലായിട്ടുള്ള ഉദ്യോഗസ്ഥമധ്യവർഗ്ഗത്തെ സൃഷ്ടിച്ചെടുക്കുക എന്നതായിരുന്നു തിരുവിതാംകൂർ പാഠാവലികളുടെ ലക്ഷ്യം” (ശ്രീകുമാർ എ.ജി. 2014: 175).

ആധുനിക തിരുവിതാംകൂറിൽ രാജവാഴ്ചയോട് കൂറും ഭക്തിയുമുള്ള തലമുറയെ സൃഷ്ടിക്കേണ്ടത് അന്നത്തെ ഭരണകൂടത്തിന്റെ പ്രധാനലക്ഷ്യങ്ങളിലൊന്നായിരുന്നു. ഈ ലക്ഷ്യം നിറവേറ്റുന്നതിനായി പാഠപുസ്തകങ്ങളുടെ ഉള്ളടക്കം ബോധപൂർവ്വം രൂപകൽപ്പന ചെയ്യപ്പെട്ടു. ‘ധീരോദാത്തത’, ‘പുരാതന ഹിന്ദുക്കളുടെ രാജ്യഭാരക്രമം’, ‘ശ്രീ വഞ്ചി മഹീശ രഥാരോഹണം’, ‘സ്വരാജ്യസ്നേഹം’, ‘ആയില്യം തിരുനാൾ രാമവർമ്മ മഹാരാജാവ്’ തുടങ്ങിയ പാഠഭാഗങ്ങൾ ഇതിന്റെ വ്യക്തമായ ഉദാഹരണങ്ങളാണ്. ഈ പാഠങ്ങൾ രാജാവിനെ ധീരനും നീതിമാനുമായ ഭരണാധികാരിയായി ഉയർത്തിക്കാട്ടുകയും രാജഭരണത്തിന്റെ മഹത്വത്തെ ചരിത്രപരമായും സാംസ്കാരികമായും സ്ഥാപിച്ചെടുക്കുകയും ചെയ്തു. ഇത് വിദ്യാർത്ഥികളിൽ രാജവാഴ്ചയോടുള്ള വിധേയത്വം ഊട്ടിയുറപ്പിക്കുന്നതിനും ഭരണകൂടത്തിന്റെ നിലനിൽപ്പിനാവശ്യമായ രാഷ്ട്രീയബോധം നിർമ്മിച്ചെടുക്കുന്നതിനും സഹായകമായി.

### നാല് : പാഠപുസ്തകങ്ങളിലെ പ്രതിനിധാനത്തിന്റെ സൂക്ഷ്മരാഷ്ട്രീയം

പാഠപുസ്തകങ്ങളുടെ ഉള്ളടക്കം വിവിധ സാമൂഹികവിഭാഗങ്ങളെ എങ്ങനെ ചിത്രീകരിച്ചു അല്ലെങ്കിൽ ഒഴിവാക്കി എന്നതിലൂടെ അവയുടെ രാഷ്ട്രീയവും പ്രത്യയശാസ്ത്രപരവുമായ ലക്ഷ്യങ്ങളെ തിരിച്ചറിയാൻ

 ISSN No: 3049-0316 

സാധിക്കും. തിരുവിതാംകൂർ പാഠപുസ്തകങ്ങളെക്കുറിച്ചുള്ള ഈ വിശകലനം അറിവിന്റെ നിർമ്മാണത്തിൽ പ്രവർത്തിച്ച പക്ഷപാതങ്ങളെയും അതിൽ അന്തർലീനമായിരിക്കുന്ന അധികാരബന്ധങ്ങളെയും പരിശോധിക്കുന്നു.

ഈപാഠപുസ്തകങ്ങളിൽജാതിയുടെപ്രതിനിധാനംവ്യക്തമായശ്രേണിപിന്തുടരുന്നു.ബ്രാഹ്മണർപലപ്പോഴും ആഖ്യാനങ്ങളുടെ കേന്ദ്രകഥാപാത്രങ്ങളായി അവതരിപ്പിക്കപ്പെട്ടു. ഈ കഥാപാത്രങ്ങൾ സദ്ഗുണങ്ങളെയും ബുദ്ധിയെയും നേതൃത്വപരമായ കഴിവുകളെയും പ്രതിനിധീകരിക്കുന്നവരായിരുന്നു. സന്മാർഗകഥകളിലും സാരോപദേശകഥകളിലും രാജാക്കന്മാരും ബ്രാഹ്മണരും പുരാണേതിഹാസകഥാപാത്രങ്ങളും മാത്രമായിരുന്നു ഇടംപിടിച്ചിരുന്നത്. ഈ കഥാപാത്രങ്ങളെല്ലാം സവർണ്ണപുരുഷന്മാരായിരുന്നു എന്നതും ശ്രദ്ധേയമാണ്.

എന്നാൽ ഇതിനു വിപരീതമായി ദളിതരും ഈഴവരും ഉൾപ്പെടെയുള്ള ജാതിക്കാരെയും മർദ്ദിതരെയും ഈ ആഖ്യാനങ്ങളിൽനിന്ന് വലിയ തോതിൽ പാർശ്വവൽക്കരിക്കുകയോ ഒഴിവാക്കുകയോ ചെയ്തു. ചിത്രീകരിച്ചിട്ടുണ്ടെങ്കിൽപ്പോലും അവരുടെ പ്രതിനിധാനം അടിമത്തപരമായ വേഷങ്ങളിലോ ദാനധർമ്മം സ്വീകരിക്കുന്നവരായോ മാത്രമായി പരിമിതപ്പെടുത്തി. ഇത് നിലവിലുള്ള സാമൂഹികശ്രേണികളെ ചോദ്യം ചെയ്യുന്നതിനു പകരം അവയെ കൂടുതൽ ശക്തിപ്പെടുത്തുന്ന തരത്തിലുള്ള ഇടപെടലായിരുന്നു.

ജാതിവിവേചനത്തെ ചോദ്യംചെയ്തുകൊണ്ട് ശക്തമായ സാമൂഹികപരിഷ്കരണപ്രസ്ഥാനങ്ങൾ സജീവമായിരുന്ന പശ്ചാത്തലത്തിൽ പാഠപുസ്തകങ്ങളിലെ ഒഴിവാക്കൽ നിഷ്പക്ഷമായ വീഴ്ചയായി കാണാൻ കഴിയില്ല. അവർണ്ണവിഭാഗങ്ങളെ വ്യവസ്ഥാപിതമായി ഒഴിവാക്കുകയോ കീഴ്വഴക്കമുള്ള വേഷങ്ങളിൽ ചിത്രീകരിക്കുകയോ ചെയ്യുന്നത് പ്രതീകാത്മക അക്രമത്തിന്റെ (symbolic violence) ശക്തമായ രാഷ്ട്രീയപ്രവൃത്തിയെ പ്രതിനിധാനം ചെയ്യുന്നു. അങ്ങനെ ഈ വിഭാഗങ്ങൾ തിരുവിതാംകൂർ സമൂഹത്തിന്റെ ഔദ്യോഗികാഖ്യാനങ്ങളിൽ നിന്ന് അദൃശ്യരാക്കപ്പെട്ടു.

തിരുവിതാംകൂർ പാഠപുസ്തകങ്ങൾ ലിംഗസ്വത്വങ്ങളെ (gender identities) ബോധപൂർവ്വം നിർമ്മിച്ചെടുക്കുന്നതിൽ പ്രധാന പങ്കുവഹിച്ചു. പാഠപുസ്തകങ്ങളിൽ സ്ത്രീകളെ പ്രധാനമായും പരമ്പരാഗത ഗാർഹികവേഷങ്ങളിലാണ് ചിത്രീകരിച്ചിട്ടുള്ളത്. വീട്ടമ്മമാർ, അമ്മമാർ, പരിചരിക്കുന്നവർ എന്നീ നിലകളിൽ അവരുടെ സ്വത്വങ്ങൾക്ക് ഊന്നൽ നൽകി. ഇത് സ്ത്രീകളുടെ ലോകം വീടിന്റെ നാലു ചുവരുകൾക്കുള്ളിൽ ഒതുങ്ങിക്കിടക്കുന്ന ഒന്നാണെന്നു സ്ഥാപിച്ചു. വിനയം, അനുസരണം, ഭക്തി തുടങ്ങിയ ഗുണങ്ങളെ ആദർശപരമായ സ്ത്രീത്വത്തിന്റെ മാനദണ്ഡങ്ങളായി പാഠാവലികൾ ഊന്നിപ്പറഞ്ഞു.

ഇതിന് കൂടുതൽ തെളിവായി പാഠഭാഗങ്ങളിൽ ഉപയോഗിച്ചിട്ടുള്ള ദൃശ്യങ്ങളും ഭാഷയും പരിശോധിക്കാം. പാഠപുസ്തകങ്ങളിലെ ചിത്രീകരണങ്ങൾ പ്രത്യയശാസ്ത്രപരമായ ലക്ഷ്യങ്ങളോടെ നിർമ്മിക്കപ്പെട്ട ദൃശ്യപാഠങ്ങളായിരുന്നു. ഉള്ളടക്കചിത്രീകരണങ്ങൾ അറിവിനെക്കുറിച്ചുള്ള സമൂഹത്തിന്റെ ധാരണകളെയും അതിന്റെ അധികാരഘടനകളെയും പ്രതിഫലിപ്പിക്കുന്നതിൽ നിർണായക പങ്കുവഹിച്ചു. ആദർശവൽക്കരിക്കപ്പെട്ട രംഗങ്ങളുടെയും പരമ്പരാഗതവസ്ത്രങ്ങളുടെയും പ്രത്യേക സാമൂഹികക്രമീകരണങ്ങളുടെയും ദൃശ്യങ്ങൾ പാഠഭാഗങ്ങളിലെ പ്രത്യയശാസ്ത്രപരമായ കാനോനീകരണങ്ങളെ ശക്തിപ്പെടുത്താൻ ലക്ഷ്യമിട്ടുള്ളവയായിരുന്നു. ഇവയിൽ ദൃശ്യപരമായ ഒഴിവാക്കൽ (visual exclusion) വളരെ വ്യക്തമായിരുന്നു. സ്ത്രീകളുടെയും കുട്ടികളുടെയും അഭാവവും പരമ്പരാഗത സ്റ്റീരിയോടൈപ്പ് (stereotype) പ്രതിനിധാനത്തിലുള്ള ദൃശ്യനിർമ്മിതിയും സ്ത്രീകളെയും പെൺകുട്ടികളെയും പൊതുമണ്ഡലത്തിൽ നിന്നും വിദ്യാഭ്യാസത്തിൽ നിന്നും ഒഴിവാക്കുകയും പുരുഷകേന്ദ്രീകൃതമായ സാമൂഹികക്രമം സ്വാഭാവികമാണെന്നു വരുത്തിത്തീർക്കുകയും ചെയ്തു. പാഠപുസ്തകങ്ങളിലെ ദൃശ്യപരമായ പാഠം എഴുതപ്പെട്ട പാഠത്തിനൊപ്പം ചേർന്നു പ്രവർത്തിച്ച് സാമൂഹികപക്ഷപാതങ്ങളെ വിദ്യാർത്ഥികളുടെ മാനസികഘടനയിൽ കൂടുതൽ ആഴത്തിൽ പതിപ്പിക്കുന്നു. വിദ്യാഭ്യാസത്തിലെ ദൃശ്യവൽക്കരണം നിഷ്പക്ഷപ്രക്രിയയല്ലെന്നും അധികാരബന്ധങ്ങളെ പ്രതിഫലിപ്പിക്കുന്ന ബോധപൂർവ്വമായ ഇടപെടലാണെന്നും വ്യക്തമാണ്.

പാഠപുസ്തകങ്ങളിലെ ചിത്രങ്ങളിൽ സ്ത്രീകൾ പൂർണ്ണമായും അദൃശ്യരായിരുന്നു. ചിത്രങ്ങളിൽ എപ്പോഴും മനുഷ്യൻ എന്നത് സവർണ്ണപുരുഷനായിരുന്നു. കുട്ടി എന്ന സങ്കൽപ്പത്തെ പ്രതിനിധാനം ചെയ്തിരുന്നത് ബാലൻ ആയിരുന്നു. ബാലിക ഉണ്ടായിരുന്നില്ല. 1918 – ലെ മലയാള അഞ്ചാം പാഠപുസ്തകത്തിൽ സ്ത്രീകളെ വാത്സല്യസൂചകമായി 'അബലകൾ' എന്നു വിശേഷിപ്പിക്കുന്നത് സ്ത്രീകളെ ദുർബലരും പുരുഷാധിപത്യത്തിന്റെ സംരക്ഷണത്തിൽ കഴിയേണ്ടവരുമായി കാണുന്ന സാമൂഹികബോധത്തെയാണ് ഉറപ്പിക്കുന്നത്.

ISSN No: 3049-0316


തിരുവിതാംകൂറിൽ സ്ത്രീവിദ്യാഭ്യാസം സാവധാനം വികസിച്ചുകൊണ്ടിരുന്ന കാലഘട്ടത്തിൽ പോലും പാഠപുസ്തകങ്ങൾ പൊതുജീവിതത്തിലും തൊഴിൽമേഖലകളിലും ഉന്നതവിദ്യാഭ്യാസത്തിലും സ്ത്രീകളുടെ പ്രാതിനിധ്യം പരിമിതപ്പെടുത്തി. ഇത് പാഠ്യപദ്ധതിയിലൂടെ പുരുഷാധിപത്യപരമായ മാനദണ്ഡങ്ങളെ ശക്തിപ്പെടുത്താനും ഗാർഹികമേഖലയ്ക്കപ്പുറം സ്ത്രീകളുടെ അഭിലാഷങ്ങളെ പരിമിതപ്പെടുത്താനും ലക്ഷ്യമിട്ടു.

പാഠപുസ്തകങ്ങൾ സമൂഹത്തിലെ മതപരമായ ബഹുസ്വരതയെ എങ്ങനെ കൈകാര്യം ചെയ്യുന്നുവെന്നത് ജ്ഞാനനിർമ്മിതിയുടെ രാഷ്ട്രീയത്തെ മനസ്സിലാക്കുന്നതിൽ നിർണായകമാണ്. ഇക്കാലത്തെ പാഠപുസ്തക ഉള്ളടക്കം പ്രത്യക്ഷത്തിൽ മതേതരത്വത്തെയും മതസൗഹാർദ്ദത്തെയും പ്രോത്സാഹിപ്പിക്കുന്ന ഒന്നായി തോന്നാം. എന്നാൽ ഈ സഹിഷ്ണുതാപരമായ നിലപാടുകൾക്കിടയിലും പാഠ്യപദ്ധതിയുടെ മൊത്തത്തിലുള്ള ഘടന പരിശോധിക്കുമ്പോൾ പ്രത്യയശാസ്ത്രപരമായ മുൻഗണനകൾ വ്യക്തമാകുന്നുണ്ട്. കൂടുതൽ പാഠഭാഗങ്ങളും ഹിന്ദുമതഗ്രന്ഥങ്ങളുമായി ബന്ധപ്പെട്ടവയായിരുന്നു. ഇത് മറ്റു മതങ്ങളെ ഉൾക്കൊള്ളുന്നതായി തോന്നിക്കുമ്പോൾത്തന്നെ ഹിന്ദുമതത്തിന് അധികാരത്തിന്റേതായ മേൽക്കൈ നൽകാൻ ലക്ഷ്യമിട്ടുള്ള സൂക്ഷ്മരാഷ്ട്രീയതന്ത്രത്തെ സൂചിപ്പിക്കുന്നു. ഭൂരിഭാഗം ഉള്ളടക്കവും പ്രത്യേക മതവിഭാഗത്തിന്റെ പാരമ്പര്യങ്ങളിലൂടെ അവതരിപ്പിച്ചത് വിദ്യാഭ്യാസത്തിലൂടെ മതപരമായ അധീശത്വം സ്ഥാപിച്ചെടുക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി വ്യാഖ്യാനിക്കാം.

സമൂഹത്തിന്റെ ചരിത്രബോധം രൂപപ്പെടുത്തുന്നതിൽ പാഠപുസ്തകങ്ങൾ വഹിക്കുന്ന പങ്ക് നിർണായകമാണ്. തിരുവിതാംകൂർ പാഠപുസ്തകങ്ങളിലെ ചരിത്രവിവരണങ്ങൾ ഒരു പ്രത്യേക ഔദ്യോഗികചരിത്രത്തെ സജീവമായി നിർമ്മിക്കുന്നതിൽ ശ്രദ്ധകേന്ദ്രീകരിച്ചു. തിരഞ്ഞെടുക്കപ്പെട്ട ആഖ്യാനങ്ങൾ തിരുവിതാംകൂർ രാജകുടുംബത്തിന്റെ വംശാവലിയെയും നേട്ടങ്ങളെയും ഭരണകൂടത്തിന്റെ ശക്തിയെയും സാധൂകരിക്കുന്ന സംഭവങ്ങളെ കേന്ദ്രീകരിച്ചായിരുന്നു. പാഠാവലികൾ രാജഭരണത്തെ സ്വാഭാവികവും നീതിയുക്തവും ചരിത്രപരമായി അനിവാര്യവുമാണെന്ന് അവതരിപ്പിക്കാൻ ശ്രമിക്കുന്നു. ഇതിലൂടെ ഭരണകൂടത്തിന്റെ അധികാരത്തെ സംരക്ഷിക്കുന്ന കൂട്ടായ ഓർമ്മയെ (collective memory) രൂപപ്പെടുത്തുകയാണ് പാഠപുസ്തകങ്ങൾ ചെയ്തത്. പാഠപുസ്തകരചനയിൽ വിയോജിപ്പുകളുടെ, ജനകീയപ്രസ്ഥാനങ്ങളുടെ, അല്ലെങ്കിൽ ബദൽ രാഷ്ട്രീയകാഴ്ചപ്പാടുകളുടെ ആഖ്യാനങ്ങൾ മനഃപൂർവ്വം ഒഴിവാക്കപ്പെടുകയോ അവയുടെ പ്രാധാന്യം കുറയ്ക്കുകയോ ചെയ്യാനുള്ള സാധ്യതയുണ്ട്. ഇത് നിലവിലുള്ള അവസ്ഥയെ ശക്തിപ്പെടുത്താനും ചരിത്രത്തെ വിമർശനാത്മകമായി സമീപിക്കുന്നതിനെ നിരുത്സാഹപ്പെടുത്താനും കാരണമായി. കാലികമായ അധികാരതാൽപ്പര്യങ്ങൾക്കനുസൃതമായി ചരിത്രം എങ്ങനെ കാനോനീകരിക്കപ്പെടുന്നു എന്നതിന്റെ ഉത്തമോദാഹരണമാണിത്.

പാഠ്യപദ്ധതിയിൽ ലോകചരിത്രത്തിലെ ചില പാശ്ചാത്യ ആഖ്യാനങ്ങൾ പരിഭാഷപ്പെടുത്തി ഉൾപ്പെടുത്തിയതും ശ്രദ്ധേയമാണ്. 'സമയത്തിന്റെ വില', ബെഞ്ചമിൻ ഫ്രാങ്ക്ലിനെക്കുറിച്ചുള്ള പാഠം, ജെയിംസ് ഗാർഫീൽഡിനെക്കുറിച്ചുള്ള ഭാഗങ്ങൾ എന്നിവയുടെ തിരഞ്ഞെടുപ്പുകൾ പാശ്ചാത്യമൂല്യങ്ങളായ വ്യക്തിപരമായ നേട്ടങ്ങൾ, സ്ഥിരപരിശ്രമം, മുതലാളിത്ത ചിന്താരീതികൾ എന്നിവയെ ആദർശവൽക്കരിക്കാൻ സഹായിച്ചു. വിശ്വപ്രസിദ്ധരുടെ ജീവചരിത്രങ്ങളും ഭൂപ്രകൃതിവർണ്ണനകളും ഉൾപ്പെടുത്തിയതിലൂടെ തിരുവിതാംകൂർ ഭരണകൂടം തങ്ങളെ ആധുനികതയുടെയും പാശ്ചാത്യവിജ്ഞാനത്തിന്റെയും ഭാഗമായി പ്രതിഷ്ഠിക്കാൻ ശ്രമിച്ചു. ഇത് ഒരേസമയം തങ്ങളുടെ പരമ്പരാഗത അധികാരഘടനയെ സംരക്ഷിക്കുകയും പുതിയ ആഗോളക്രമത്തിനനുസരിച്ച് ഭരണത്തെ നവീകരിക്കുന്നുണ്ടെന്ന് വരുത്തിത്തീർക്കുകയും ചെയ്യുന്ന സങ്കീർണ്ണമായ ഇടപെടലാണ്. ഈ പാഠപുസ്തകങ്ങൾ ഒരുവശത്ത് രാജഭക്തിയെയും പാരമ്പര്യത്തെയും ഊട്ടിയുറപ്പിക്കുമ്പോൾ മറുവശത്ത് പുതിയ സാമ്പത്തിക-സാംസ്കാരിക മൂല്യങ്ങളെ ഉൾക്കൊള്ളാൻ ശ്രമിക്കുകയും ചെയ്തു.

**പാഠപുസ്തകങ്ങളിലെ പ്രത്യയശാസ്ത്രപരമായ പക്ഷപാതങ്ങളെയും അതിന്റെ രാഷ്ട്രീയ ലക്ഷ്യങ്ങളെയും ചുവടെ ക്രോഡീകരിക്കുന്നു.**

1. പാഠപുസ്തകങ്ങൾ അവർണ്ണവിഭാഗങ്ങളെയും മർദ്ദിതരെയും വ്യവസ്ഥാപിതമായി പാർശ്വവൽക്കരിക്കുകയും ഒഴിവാക്കുകയും ചെയ്തു. ഈ ഒഴിവാക്കൽ നിലവിലുള്ള ജാതിശ്രേണികളെ ചോദ്യം ചെയ്യുന്നതിനുപകരം അവയെ കൂടുതൽ ഉറപ്പിക്കാൻ പ്രേരകമായി.
2. പാഠാവലികൾ സ്ത്രീകളെ സ്റ്റീരിയോടൈപ്പ് ചെയ്തും നിയന്ത്രിതമായും ചിത്രീകരിച്ചതിലൂടെ സ്ത്രീകളെ പൊതുജീവിതത്തിൽ നിന്ന് ഒഴിവാക്കുകയും അവരുടെ സ്വത്വത്തെ ഗാർഹികചുമതലകളിലേക്ക്

 ISSN No: 3049-0316 

ചുരുക്കുകയും ചെയ്തു. ഈ പ്രവണത ആധുനികവിദ്യാഭ്യാസത്തിന്റെ വികസനപാതയിലും പുരുഷാധിപത്യപരമായ മാനദണ്ഡങ്ങളെ സജീവമായി പുനരുൽപ്പാദിപ്പിക്കാൻ പാഠപുസ്തകങ്ങൾ ശ്രമിച്ചു എന്നതിന് തെളിവാണ്.

3. പാഠഭാഗങ്ങൾ രാജാവിനെയും അദ്ദേഹത്തിന്റെ ഭരണത്തെയും ധീരോദാത്തമായ കാഴ്ചപ്പാടിലൂടെ അവതരിപ്പിച്ചതിലൂടെ നിലവിലുള്ള രാഷ്ട്രീയനേതൃത്വത്തോട് വിധേയത്വം വളർത്താൻ ലക്ഷ്യമിട്ടു. ഈ പാഠപുസ്തകങ്ങൾ രാഷ്ട്രീയാധികാരത്തെ സാധൂകരിക്കുന്ന ആഖ്യാനമാണ് നിർമ്മിച്ചത്. നിലവിലുള്ള അധികാരഘടനകളുടെ നിയമസാധുതയെ ശക്തിപ്പെടുത്തുന്നതിനായി ചരിത്രാഖ്യാനങ്ങൾ പാഠപുസ്തകങ്ങളുടെ ഭാഗമായി. രാജകുടുംബത്തിന്റെ ചരിത്രത്തിനും ഭരണനേട്ടങ്ങൾക്കും പ്രാധാന്യം നൽകിയപ്പോൾ വിമതശബ്ദങ്ങളും ജനകീയപ്രസ്ഥാനങ്ങളും മനഃപൂർവ്വം ഒഴിവാക്കപ്പെട്ടു. ഇത് ഭരണകൂടത്തിന്റെ താൽപര്യങ്ങൾക്കനുസരിച്ച് ചരിത്രത്തെ കാനോനീകരിക്കുന്ന പ്രവണതയ്ക്ക് ഉദാഹരണമാണ്.

4. പാഠഭാഗങ്ങൾ ഹൈന്ദവേതിഹാസങ്ങൾക്കും പുരാണങ്ങൾക്കും കൂടുതൽ പ്രാധാന്യം നൽകി. ഇത് മറ്റ് മതങ്ങളെ അപ്രധാനമായി ചിത്രീകരിക്കുകയും ഒരു പ്രത്യേക മതത്തിന്റേതായ ലോകബോധം പാഠ്യപദ്ധതിയിലൂടെ പ്രചരിപ്പിക്കാൻ ശ്രമിക്കുകയും ചെയ്തു. മതേതരത്വത്തെക്കുറിച്ചുള്ള വാദങ്ങൾ നിലനിൽക്കുമ്പോൾത്തന്നെ മതപരമായ അധീശത്വം സ്ഥാപിച്ചെടുക്കുന്ന സൂക്ഷ്മതന്ത്രത്തെയാണ് ഇത് വെളിപ്പെടുത്തുന്നത്.

## ഉപസംഹാരം

സാമൂഹികജീവിതത്തെയും അനുഭവങ്ങളെയും പുനർനിർമ്മിക്കുന്ന സാംസ്കാരികോപാധികളാണ് പാഠപുസ്തകങ്ങൾ. കൊളോണിയൽ ആധുനികതയുടെ പശ്ചാത്തലത്തിൽ അച്ചടിയും വിദ്യാഭ്യാസസ്ഥാപനങ്ങളും പുതിയ സാമൂഹികബോധം സൃഷ്ടിച്ച പത്തൊൻപതാം നൂറ്റാണ്ടിലാണ് തിരുവിതാംകൂറിലെ പാഠപുസ്തകങ്ങളും രൂപംകൊള്ളുന്നത്. പാഠപുസ്തകങ്ങൾ നിഷ്പക്ഷമായ വിജ്ഞാനവിനിമയത്തിനുള്ള ഉപാധിയായല്ല നിലകൊണ്ടത്. അതിനാൽ ഇവയിൽ ഉൾച്ചേർന്നിരിക്കുന്ന സാഹിത്യഗണങ്ങളും എഴുത്തുകാരും കേവലം സൗന്ദര്യപരമായ തിരഞ്ഞെടുപ്പുകളായിരുന്നില്ല; മറിച്ച്, ഒരു സാംസ്കാരികപ്രക്രിയയുടെ പ്രത്യയശാസ്ത്രപരമായ ആവിഷ്കാരങ്ങളായിരുന്നു. 1900-നും 1920-നും ഇടയിലുള്ള തിരുവിതാംകൂറിലെ മലയാള ഭാഷാസാഹിത്യപാഠാവലികളിലെ കാനോനീകരണം നവോത്ഥാനചിന്തകൾ, ദേശീയബോധം, ജാതി-ലിംഗാധിഷ്ഠിതമായ അധികാരബന്ധങ്ങൾ എന്നിവയാൽ നിർണയിക്കപ്പെട്ട സങ്കീർണ്ണവും രാഷ്ട്രീയവുമായ വ്യവഹാരമായിരുന്നു. ഈ കാലഘട്ടത്തിലെ സാഹിത്യരചനകളുടെ തിരഞ്ഞെടുപ്പുകൾ ആധുനിക മലയാളസാഹിത്യത്തിന്റെ അടിത്തറ പാകിയപ്പോൾത്തന്നെ ജാതിപരമായ ആധിപത്യത്തെയും സ്ത്രീകളുടെ അഭാവത്തെയും ശക്തമായി നിലനിർത്തി. തിരുവിതാംകൂറിലെ വിദ്യാഭ്യാസചരിത്രത്തെ ഭരണപരമായ മുന്നേറ്റമെന്നതിലുപരി അധികാരവും അറിവും തമ്മിലുള്ള സങ്കീർണ്ണമായ ബന്ധങ്ങളുടെ വേദിയായി കാണാനാണ് ഈ പഠനത്തിലൂടെ ശ്രമിച്ചത്.

## കുറിപ്പുകൾ

1. പത്തൊൻപതാം നൂറ്റാണ്ടിൽ തിരുവിതാംകൂറിലെ വിദ്യാഭ്യാസമണ്ഡലത്തിൽ ലണ്ടൻ മിഷൻ സൊസൈറ്റി (LMS), ചർച്ച് മിഷൻ സൊസൈറ്റി (CMS) തുടങ്ങിയ മിഷനറി സംഘടനകൾ നടത്തിയ ഇടപെടലുകൾ മതപരമായ പ്രവർത്തനങ്ങളെന്നതിലുപരി സാമൂഹികനവീകരണത്തിന്റെ ചാലകശക്തി എന്ന നിലയിലാണ് വിലയിരുത്തപ്പെടുന്നത്. ജാതിവ്യവസ്ഥയാൽ വിദ്യ നിഷേധിക്കപ്പെട്ടിരുന്ന ജനവിഭാഗങ്ങൾക്കായി സ്കൂളുകൾ തുറന്നതിലൂടെ ഇവർ വിജ്ഞാനത്തിന്റെ ജനാധിപത്യവൽക്കരണം സാധ്യമാക്കി. ഇത് തിരുവിതാംകൂറിൽ നിലനിന്നിരുന്ന പരമ്പരാഗത അധികാരബന്ധങ്ങളെ പുനർനിർവചിക്കാനും കീഴ്ത്തട്ടിലുള്ളവർക്കിടയിൽ സാമൂഹികമായ അവകാശബോധവും ആധുനികമൂല്യങ്ങളും വളർത്തുന്നതിനും വഴിതെളിച്ചു. ഭരണകൂടത്തിന്റെ വിദ്യാഭ്യാസനയങ്ങളെ സ്വാധീനിക്കുന്നതോടൊപ്പം തന്നെ പുതിയൊരു പൗരസമൂഹത്തിന്റെ രൂപീകരണത്തിനും മിഷനറി പ്രവർത്തനങ്ങൾ നിർണ്ണായകമായ അടിത്തറയൊരുക്കി.
2. ഈ പ്രബന്ധത്തിന്റെ പ്രധാന പഠനസ്രോതസ്സായ പാഠപുസ്തകങ്ങൾ കേരളത്തിലെ അക്കാദമിക്, ഔദ്യോഗിക സ്ഥാപനങ്ങളായ കേരള സാഹിത്യ അക്കാദമി ലൈബ്രറി, ശ്രീ ചിത്തിരതിരുനാൾ ലൈബ്രറി (വഞ്ചിയൂർ) എന്നിവിടങ്ങളിൽനിന്നും ശേഖരിച്ചതാണ്. കൂടാതെ കേരള ഗവൺമെന്റിന്റെ ടെക്സ്റ്റ് ബുക്ക് ഡിജിറ്റൽ ആർക്കൈവ്സ് (Scert.kerala.gov.in), ഗ്രന്ഥപ്പുര(https ://gpura.org) തുടങ്ങിയ ഡിജിറ്റൽ ശേഖരങ്ങളും പഠനത്തിനായി പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

ISSN No: 3049-0316


## സഹായകഗ്രന്ഥങ്ങൾ


1. ഗീത പി., “ഉള്ളൂരിന്റെ സാഹിത്യ ചരിത്രവും എഴുത്തുകാരികളും”, 500 വർഷത്തെ കേരളം ചില അറിവടയാളങ്ങൾ, താരതമ്യ പഠനസംഘം, 1999.
2. ഭാസ്കരനുണ്ണി പി., പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളം, കേരള സാഹിത്യ അക്കാദമി, 2012.
3. ശ്രീകല പി.എസ്., കേരളത്തിലെ വിദ്യാഭ്യാസം പശ്ചാത്തലവും പരിവർത്തനവും, കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട്, 2012.
4. ശ്രീകുമാർ, എ ജി., പുസ്തകവും കേരള സംസ്കാര പരിണാമവും, എസ്.എസ്.യു.എസ്, കാലടി, 2014.
5. Barton, John, The Spirit and the letter Studies in the Biblical Canon, Cambridge University Press, 2009.
6. Bloom, Harold, The Western Canon , Harcourt Brace and Company,1994.
7. Bourdieu, Pierre & Passeron, Jean-Claude, Reproduction in education, Society and Culture (vol 5), Sage Publications, 1977.
8. Hall, Stuart, cultural representations and signifying Practices, Sage Publications, 1977.